**മധുരമായ കുട്ടികളേ, ബാബ 21 ജന്മത്തേയ്ക്ക് വേണ്ടി നിങ്ങളുടെ മനസ്സിനെ അത്രയും ആനന്ദിപ്പിക്കുന്നു, അതിലൂടെ നിങ്ങൾക്ക് മനസ്സിന്റെ വിനോദത്തിനു വേണ്ടി മേളക ളിലും ഉൽസവങ്ങളിലും മററും പോകേണ്ടതിന്റെ ആവശ്യമില്ല.**

**ചോദ്യം :–** ഏത് കുട്ടികളാണോ ഇപ്പോൾ ബാബയുടെ സഹായിയാകുന്നത് അവർക്ക് എന്ത് ഗ്യാരന്റിയാണുള്ളത്?
**ഉത്തരം:–** ശ്രീമതത്തിലൂടെ രാജധാനി സ്ഥാപിക്കുന്നതിന് സഹായിക്കുന്ന കുട്ടികൾക്കുള്ള ഗ്യാരന്റിയിതാണ് അവർക്ക് ഒരിക്കലും അകാലമൃത്യു ഉണ്ടാകില്ല. സത്യയുഗീ രാജധാനിയിൽ ഒരിക്കലും അകാല മൃത്യു ഉണ്ടാകില്ല. സഹായി കുട്ടികൾക്ക് ബാബയിലൂടെ അങ്ങനെയുള്ള പ്രൈസ് ലഭിക്കുകയാണ് അതായത് 21 തലമുറവരെ അമരന്മാരായിരിക്കും.

**ഓം ശാന്തി.** ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ സൃഷ്ടി ചക്രമനുസരിച്ച് കല്പം മുൻപ് എന്ന പോലെ ശിവഭഗവാനുവാച. ഇപ്പോൾ തന്റെ പരിചയം കുട്ടികൾക്ക് ലഭിച്ചു. ബാബയുടേയും പരിചയം ലഭിച്ചു. പരിധിയില്ലാത്ത ബാബയേയും പരിധിയില്ലാത്ത സൃഷ്ടിയുടെ ആദി – മദ്ധ്യ – അന്ത്യത്തേയും അറിഞ്ഞു. നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് ചിലർ നല്ല രീതിയിൽ അറിഞ്ഞ് പിന്നീട് മനസിലാക്കി കൊടുക്കുന്നു. ചിലർ പകുതി, ചിലർ അതിലും കുറവ്. ഏതുപോലെയാണോ യുദ്ധത്തിൽ ചിലർ കമാന്റർ ചീഫ്, ചിലർ ക്യാപ്ററൻ, ചിലർ ആരൊക്കെയോ ആകുന്നു. രാജധാനിയുടെ മാലയിലും ചിലർ സമ്പന്നനായ പ്രജ, ചിലർ ദരിദ്ര പ്രജ, നമ്പർവാറാണ്. കുട്ടികൾ അറിയുന്നുണ്ട് തീർച്ചയായും നമ്മൾ സ്വയം ശ്രീമത്തിലൂടെ സൃഷ്ടിയിൽ ശേഷ്ഠ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ആരാര് എത്ര പരിശ്രമിക്കുന്നുവോ അത്രയും ബാബയിൽ നിന്ന് പ്രൈസും ലഭിക്കുന്നു. ഇന്നത്തെ കാലത്ത് ശാന്തിയ്ക്ക് വേണ്ടി നിർദ്ദേശം നൽകുന്നവർക്കു പോലും ബഹുമതി ലഭിക്കുന്നു. നിങ്ങൾ കുട്ടികൾക്കും പ്രൈസ് ലഭിക്കുന്നു. അത് അവർക്ക് ലഭിക്കില്ല. അവർക്ക് ഓരോ വസ്തുവും അല്പകാലത്തേയ്ക്കാണ് ലഭിക്കുന്നത്. നിങ്ങൾ ബാബയുടെ ശ്രീമത്തിലൂടെ തന്റെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. അതും 21 ജന്മം, 21 തലമുറ ഗ്യാരന്റിയാണ്. അവിടെ ബാല്യത്തിലോ, യൗവ്വനത്തിലോ കാലൻ വിഴുങ്ങില്ല. ഇതും അറിയുന്നുണ്ട് മനസ്സിലോ, ചിത്തത്തിലോ ഉണ്ടായിരുന്നില്ല, നമ്മൾ അങ്ങനെയുള്ള സ്ഥാനത്ത് വന്ന് ഇരിക്കുകയാണ്, അവിടെ നമ്മുടെ ഓർമ്മ ചിഹ്നവും നിൽപ്പുണ്ട്. ഇവിടെ 5000 – വർഷം മുൻപും സേവനം ചെയ്തു. ദിൽവാടാ ക്ഷേത്രം, അചൽ ഘർ, ഗുരുശിഖർ എല്ലാം ഉണ്ട്. സത്ഗുരുവും നിങ്ങൾക്ക് ഉയർന്നതിലും ഉയർന്നത് ലഭിച്ചു, അതിന്റെ ഓർമ്മ ചിഹ്നവും ഉണ്ട്. അചൽഘർ ഇതിന്റെ രഹസ്യവും നിങ്ങൾ മനസിലാക്കി. അത് നമ്മുടെ വീടിന്റെ മഹിമയാകുന്നു. നിങ്ങൾ തന്റെ പുരുഷാർത്ഥത്തിലൂടെ ഉയർന്നതിലും ഉയർന്ന പദവി നേടുന്നു. ഇത് നിങ്ങളുടെ അതിശയകരമായ സ്മാരകമാകുന്നു. അവിടേയും നിങ്ങൾ ചൈതന്യത്തിൽ വന്നിരുന്നു. ഇതെല്ലാം ആത്മീയ കാര്യങ്ങളാണ്, അത് കല്പം മുൻപും നടന്നിരുന്നു. അതിന്റെ സമ്പൂർണ്ണ ഓർമ്മ ചിഹ്നം ഇവിടെ ഉണ്ട്. നമ്പർ വൺ ഓർമ്മ ചിഹ്നമാകുന്നു. ഏതുപോലെ ആരെങ്കിലും വളരെ വലിയ പരീക്ഷ പാസാകുമ്പോൾ അവരുടെ ഉള്ളിൽ സന്തോഷം, കാന്തി വരുന്നു. ഫർണീച്ചർ, വസ്ത്രം എത്ര നല്ലതായിരിക്കും. നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നവരാണ്. നിങ്ങളെ മററുള്ളവരുമായി താരതമ്യം ചെയ്യുവാനേ കഴിയില്ല. ഇതും സ്കൂളാണ്. പഠിപ്പിക്കുന്ന ആളിനേയും നിങ്ങൾ അറിഞ്ഞു. ഭഗവനുവാച, ഭക്തി മാർഗ്ഗത്തിൽ ആരെ ഓർമ്മിച്ചിരുന്നു, പൂജ ചെയ്തിരുന്നു, ഒന്നും അറിയില്ലായിരുന്നു. ബാബ സന്മുഖത്ത് വന്ന് എല്ലാ രഹസ്യവും മനസിലാക്കി തന്നു, അതായത് ഈ ഓർമ്മ ചിഹ്നങ്ങൾ എല്ലാം നിങ്ങളുടെ അന്തിമ അവസ്ഥയുടേതാണ്. ഇപ്പോൾ റിസൾട്ട് റെഡിയായിട്ടില്ല. എപ്പോൾ നിങ്ങളുടെ അവസ്ഥ സമ്പൂർണ്ണമാകുന്നുവോ, അതിന്റെ സ്മാരകം ഭക്തി മാർഗ്ഗത്തിൽ സ്ഥാപിക്കുന്നു. രക്ഷാബന്ധനത്തിന്റെ ഉൽസവം ആഘോഷിക്കുന്നത് പോലെ. എപ്പോഴാണോ പൂർണ്ണമായും പക്കാ രാഖി ബന്ധിച്ച് നമ്മൾ നമ്മുടെ രാജ്യഭാഗ്യം എടുക്കുന്നത്, അപ്പോൾ പിന്നീട് ഉൽസവവും ആഘോഷിക്കുന്നില്ല. ഈ സമയം നിങ്ങൾക്ക് എല്ലാ മന്ത്രങ്ങളുടേയും അർത്ഥം മനസിലാക്കി തരുന്നു. ഓം ഇതിന്റെ അർത്ഥവും മനസിലാക്കി തന്നു. ഓം ഇതിന്റെ അർത്ഥം വളരെ വലുതൊന്നുമല്ല. ഓം–ന്റെ അർത്ഥം ഞാൻ ആത്മാവ്, ഇതെന്റെ ശരീരം. അജ്ഞാനകാലത്ത് നിങ്ങൾ ദേഹാഭിമാനത്തിൽ ഇരുന്നത് കാരണം സ്വയത്തെ ശരീരമെന്ന് മനസിലാക്കിയിരുന്നു. ദിനം–പ്രതിദിനം ഭക്തിമാർഗ്ഗത്തിൽ താഴേയ്ക്ക് വീണു. തമോപ്രധാനമായി മാറികൊണ്ടിരുന്നു. എല്ലാ വസ്തുവും ആദ്യം സതോപ്രധാനമായിരിക്കും. ഭക്തിയും ആദ്യം സതോപ്രധാനമായിരുന്നു. അപ്പോൾ ഒരേഒരു ശിവബാബയെ ഓർമ്മിച്ചിരുന്നു. വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ദിനം–പ്രതിദിനം വർദ്ധനവ് ഉണ്ടാകുന്നു. വിദേശത്ത് അധികം കുട്ടികൾ ജന്മം എടുക്കുമ്പോൾ അവർക്ക് സമ്മാനം ലഭിക്കുന്നു. ബാബ പറയുന്നു കാമ വികാരം മഹാശത്രുവാണ്. സൃഷ്ടി വളരെ വർദ്ധിച്ചിരിക്കുകയാണ്, ഇപ്പോൾ പവിത്രമാക്കൂ.

നിങ്ങൾ കുട്ടികൾ സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തെ കുറിച്ച് ഇപ്പോൾ ബാബയിലൂടെ അറിഞ്ഞിരിക്കുന്നു. സത്യയുഗത്തിൽ ഭക്തിയുടെ പേരോ, അടയാളമോ ഇല്ല. ഇപ്പോൾ എത്ര ആർഭാടത്തോടെ, ഉൽസവവും, മററും ആഘോഷിക്കുന്നു, മനുഷ്യർ അവിടെ പോയി മനസ്സിനെ വിനോദിപ്പിക്കുന്നു. നിങ്ങളുടെ ഹൃദയത്തെ ബാബ വന്ന് 21 ജന്മത്തേയ്ക്ക് സന്തോഷിപ്പിക്കുന്നു. നിങ്ങൾ സദാ സന്തോഷത്തിൽ ഇരിക്കൂ. നിങ്ങൾക്ക് ഒരിക്കലും ഉൽസവം, മേള എന്നിവിടെ പോകുന്നതിന്റെ ചിന്തപോലും വരില്ല. സുഖത്തിന് വേണ്ടി മനുഷ്യർ എവിടെയെല്ലാം പോകുന്നു. നിങ്ങൾക്ക് മലമുകളിൽ പോകേണ്ട ആവശ്യമില്ല. ഇവിടെ നോക്കൂ മനുഷ്യർ മരിക്കുന്നതും എങ്ങനെയാണ് ? മനുഷ്യർ സത്യയുഗം-കലിയുഗം, സ്വർഗ്ഗം-നരകം ഇതിനെ കുറിച്ച് അറിയുന്നതേയില്ല. നിങ്ങൾ കുട്ടികൾക്ക് പൂർണ്ണമായും ജ്ഞാനം ലഭിച്ചു. നിങ്ങൾക്ക് ബാബയോടൊപ്പം ഇരിക്കണം. നിങ്ങൾക്ക് വീടും സംരക്ഷിക്കണം. എപ്പോഴെങ്കിലും ഏതെങ്കിലും പ്രശ്നം ഉണ്ടാകുമ്പോൾ കുട്ടികൾ ബാബയിൽ നിന്ന് അകന്നു പോകുന്നു. പിന്നീട് നിങ്ങൾക്ക് ബാബയുടെ കൂട്ട്കെട്ടിൽ ഇരിക്കുവാനേ കഴിയില്ല. എല്ലാവരും സതോപ്രധാനമാകില്ല. ചിലർ സതോ, ചിലർ രജോ, ചിലർ തമോ അവസ്ഥയിലും ആയിരിക്കും. എല്ലാവർക്കും സമാനമാകുവാൻ കഴിയില്ല. ഇവിടെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ആര് എത്രയും ബാബയെ ഓർമ്മിക്കുന്നുവോ, അതിനനുസരിച്ച് രാജധാനിയിൽ പദവി നേടും. ബാബയെ ഓർമ്മിക്കുന്നതാണ് മുഖ്യ കാര്യം. ബാബ സ്വയം കുട്ടികളെ ഡ്രിൽ പഠിപ്പിക്കുന്നു. ഇതാണ് ഡെഡ് സൈലൻസ്. ഇവിടെ എന്താണോ നിങ്ങൾ കാണുന്നത്, അതിനെ നോക്കരുത്. ദേഹ സഹിതം എല്ലാം ത്യാഗം ചെയ്യണം. നിങ്ങൾ എന്താണ് കാണുന്നത് ? ഒന്ന് തന്റെ വീട്, പിന്നീട് പഠിത്തം അനുസരിച്ച് ഏതൊരു പദവിയാണോ നേടുന്നത്, ആ സത്യയുഗീ രാജ്യത്തേയും നിങ്ങൾ അറിയുന്നു, എപ്പോൾ സത്യയുഗമാകുന്നുവോ അപ്പോൾ ത്രേതായുഗമില്ല, ത്രേതയാകുമ്പോൾ ദ്വാപരമില്ല, ദ്വാപരമാകുമ്പോൾ കലിയുഗമില്ല. ഇപ്പോൾ കലിയുഗവുമാണ്, സംഗമയുഗവുമാണ്. നിങ്ങൾ ഇരിക്കുന്നത് പഴയ ലോകത്തിലാണ്, പക്ഷേ ബുദ്ധി കൊണ്ട് മനസിലാക്കുന്നു നമ്മൾ സംഗമയുഗിയാണ്. സംഗമ യുഗം എന്തിനെയാണ് പറയുന്നത് - ഇതും നിങ്ങൾ അറിയുന്നുണ്ട്. പുരുഷോത്തമ വർഷം, പുരുഷോത്തമ മാസം, പുരുഷോത്തമ ദിവസം എല്ലാം ഈ പുരുഷോത്തമ സംഗമത്തിലാണ് ഉണ്ടാകുന്നത്. പുരുഷോത്തമനാകുന്ന സമയവും ഈ പുരുഷോത്തമ യുഗം തന്നെയാണ്. ഇത് വളരെ ചെറിയ അധി യുഗമാണ്. നിങ്ങൾ കുട്ടികൾ കരണം മറിച്ചിൽ നടത്തുന്നു, അതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിൽ പോകുന്നു. എങ്ങനെയാണ് സാധു - സന്യാസിമാർ അഥവാ തീർത്ഥ യാത്രക്കാർ കരണം മറിച്ചിൽ കളിച്ച്-കളിച്ച് യാത്ര പോകുന്നത് ബ്രഹ്മാബാബയും കണ്ടിട്ടുണ്ട്. എത്ര കഠിനമാണത്. ഇവിടെ യോഗബലത്തിന്റെ കാര്യമാണ്. എന്താ ഓർമ്മയുടെ യാത്രയിൽ നിങ്ങൾ കുട്ടികൾക്ക് കഠിനത അനുഭവപ്പെടുന്നുണ്ടോ? പേര് തന്നെ വളരെ സഹജമെന്ന് വെച്ചിരിക്കുന്നു. ഇത് കേട്ട് നിങ്ങൾ ഭയക്കരുത്. പറയുന്നുണ്ട് ബാബാ ഞങ്ങൾക്ക് യോഗത്തിൽ ഇരിക്കുവാനേ കഴിയുന്നില്ല. ബാബ പിന്നീട് ഭാരരഹിതമാക്കുന്നു. ഇത് ബാബയുടെ ഓർമ്മയാകുന്നു. എല്ലാ വസ്തുവിനേയും ഓർമിക്കുകയാണ് ചെയ്യുന്നത്. ബാബ പറയുന്നു സ്വയത്തെ ആത്മാവ് എന്ന് മനസിലാക്കൂ. നിങ്ങൾ കുട്ടികളല്ലേ. ഇത് നിങ്ങളുടെ അച്ഛനുമാണ്, പ്രിയതമനുമാണ്. എല്ലാ പ്രിയതമകളും ആ പ്രിയതമനെ ഓർമ്മിക്കുന്നു, ഒരു ബാബ എന്ന അക്ഷരം തന്നെ ധാരാളമാണ്. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ മിത്ര-സംബന്ധികളെ ഓർമ്മിച്ചിരുന്നു, എന്നിട്ടും അല്ലയോ പ്രഭു, അല്ലയോ ഈശ്വരാ എന്ന് തീർച്ചയായും പറയുന്നു. പക്ഷേ അറിയുവാൻ കഴിയുന്നില്ല അതാരാണ്? ആത്മാക്കളുടെ അച്ഛനാണ് പരമാത്മാവ്. ഈ ശരീരത്തിന്റെ അച്ഛൻ ദേഹധാരിയാണ്. ആത്മാക്കളുടെ അച്ഛൻ അശരീരിയാകുന്നു. അച്ഛൻ ഒരിക്കലും പുനർജന്മത്തിൽ വരുന്നതേയില്ല. ബാക്കി എല്ലാവരും പുനർജന്മത്തിൽ വരുന്നു, അതിനാൽ ബാബയെ ഓർമ്മിക്കുന്നു. തീർച്ചയായും എപ്പോഴോ സുഖം നൽകി. ആ ബാബയെ പറയുന്നത് ദു:ഖം ഹരിച്ച് സുഖം നൽകുന്നവൻ, പക്ഷേ ആ ബാബയുടെ നാമ, രൂപ, ദേശ, കാലം ആരും അറിയുന്നില്ല. എത്ര മനുഷ്യരുണ്ടോ അത്രയും കാര്യങ്ങളും, അനേക അഭിപ്രായമായിരിക്കുന്നു.

ബാബ എത്ര സ്നേഹത്തോടെ പഠിപ്പിക്കുന്നു. അത് ശാന്തി നൽകുന്ന ഈശ്വരനാകുന്നു. എത്ര സുഖമാണ് ബാബയിൽ നിന്ന് ലഭിക്കുന്നത്. ഒരേയൊരു ഗീത കേൾപ്പിച്ച് പതീതരെ പാവനമാക്കുന്നു. കുടുംബ മാർഗ്ഗവും വേണമല്ലോ. മനുഷ്യരാണെങ്കിൽ കല്പത്തിന്റെ ആയുസ്സ് പോലും ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു, അങ്ങനെയാണെങ്കിൽ എണ്ണിയാൽ ഒടുങ്ങാത്ത മനുഷ്യരുണ്ടാകും. എത്ര പിശക് സംഭവിച്ചിരിക്കുന്നു. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു, പിന്നീട് ഇതും പ്രായലോപപ്പെടും. ചിത്രവും ഉണ്ട്, അവരുടെ പൂജയും ചെയ്യുന്നു. പക്ഷേ സ്വയത്തെ ദേവത ധർമ്മത്തിലേതാണ് എന്ന് മനസിലാക്കുന്നില്ല. ആര് എന്തിന്റെ പൂജ ചെയ്യുന്നുവോ അവർ ആ ധർമ്മത്തിലേതാണല്ലോ. പക്ഷേ ഇത് മനസിലാക്കുന്നതേയില്ല നമ്മൾ ആദി സനാതന ധർമ്മത്തിലേതാണ്. അതിന്റെ വംശാവലികളാണ്. ഇത് ബാബ മനസിലാക്കി തരുന്നു. ബാബ പറയുന്നു നിങ്ങൾ പാവനമായിരുന്നു, പിന്നീട് തമോപ്രധാനമായി, ഇപ്പോൾ പാവന സതോപ്രധാനമാകണം. എന്താ ഗംഗാ സ്നാനത്തിലൂടെ ആകുമോ? പതീത-പാവനൻ ബാബയാണ്. ആ

ബാബ എപ്പോൾ വന്ന് വഴി പറഞ്ഞു തരുന്നുവോ അപ്പോൾ പാവനമാകും. വിളിക്കുന്നു, പക്ഷേ ഒന്നും അറിയുന്നില്ല. ആത്മാവ് ഈ ശരീരത്തിലൂടെ വിളിക്കുന്നു അല്ലയോ പതിത-പാവനൻ ബാബാ, നമ്മളെ വന്ന് പാവനമാക്കൂ. എല്ലാവരും പതിതമാണ്, കാമവികാരത്തിന്റെ അഗ്നിയിൽ കത്തി കൊണ്ടിരിക്കുന്നു. ഈ കളിയും അങ്ങനെ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. വീണ്ടും ബാബ വന്ന് എല്ലാവരേയും പാവനമാക്കുന്നു. ഇത് ബാബ സംഗമത്തിലാണ് മനസിലാക്കിതരുന്നത്. സത്യയുഗത്തിൽ ഒരേയൊരു ധർമ്മം മാത്രമേയുള്ളൂ, ബാക്കി എല്ലാവരും തിരിച്ച് പോകും. നിങ്ങൾ ഡ്രാമയെ മനസിലാക്കിയിരിക്കുന്നു, വേറെയാരും ഇത് അറിയുന്നതേയില്ല. ഈ രചനയുടെ ആദി-മദ്ധ്യ-അന്ത്യം എന്താണ്, ഇതിന്റെ ദൈർഘ്യം എത്രയാണ് - ഇത് നിങ്ങൾ മാത്രമാണ് അറിയുന്നത്. അവർ എല്ലാവരും ശൂദ്രരും, നിങ്ങൾ ബ്രാഹ്മണരും ആകുന്നു. നമ്പർവാർ പുരുഷാർത്ഥം അനുസരിച്ച് നിങ്ങളും ഇത് അറിയുന്നു. ഏതെങ്കിലും തെററ് ചെയ്യുന്നുവെങ്കിൽ രജിസ്റ്ററിലൂടെ കാണുവാൻ കഴിയും അതായത് പഠിത്തത്തിൽ മോശമാണ്. സ്വഭാവ സർട്ടിഫിക്കററ് ഉണ്ട്. ഇവിടേയും രജിസ്റ്റർ (സർട്ടിഫിക്കററ്) വേണം. ഇത് ഓർമ്മയുടെ യാത്രയാണ്, പക്ഷേ ഇതിനെ ആരും അറിയുന്നില്ല. ഓർമ്മയുടെ യാത്രയാണ് ഏററവും മുഖ്യ വിഷയം. സ്വയത്തെ ആത്മാവ് എന്ന് മനസിലാക്കി ബാബയെ ഓർമ്മിക്കണം. ആത്മാവ് ഈ മുഖത്തിലൂടെ പറയുന്നു ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് മറെറാന്ന് എടുക്കുന്നു. ഈ കാര്യങ്ങൾ ഒന്നും ബ്രഹ്മാബാബ മനസില്ലാക്കി തരുന്നില്ല. പക്ഷേ ജ്ഞാന സാഗരൻ പരമപിതാ പരമാത്മാവ് ഈ രഥത്തിൽ ഇരുന്ന് കേൾപ്പിക്കുന്നു. ഗോമുഖമെന്ന് പറയുന്നുണ്ടല്ലോ. എവിടെ നിങ്ങൾ ഇരിക്കുന്നുവോ അവിടെയാണ് ക്ഷേത്രവും ഉണ്ടാക്കുന്നത്. ഏതുപോലെ നിങ്ങളുടെ ഏണിപ്പടി അതുപോലെ അവിടേയും പടിയുണ്ട്, പക്ഷേ നിങ്ങൾക്ക് കയറുന്നതിൽ ക്ഷീണം ഉണ്ടാകില്ല.

ബാബയിൽ നിന്ന് പഠിച്ച് റിഫ്രെഷാകുവാൻ ഇവിടെ വന്നിരിക്കുന്നു. അവിടെ ജോലി വളരെ കൂടുതലാണ്. ശാന്തിയിലൂടെ കേൾക്കുവാനേ കഴിയില്ല. സങ്കല്പം ഉണ്ടായിരിക്കും-ആരും കണ്ടില്ലല്ലോ, പെട്ടെന്ന് വീട്ടിൽ എത്തണം. എത്ര ചിന്തയാണുള്ളത്. ഇവിടെ യാതൊരു ചിന്തയും ഇല്ല, ഏതുപോലെ ഹോസ്റ്റലിൽ വസിക്കുന്നു. ഇവിടെ ഈശ്വരീയ കുടുംബമാകുന്നു. ശാന്തിധാമിൽ ആത്മാവ് സഹോദര-സഹോദരനാണ്. ഇവിടെ സഹോദരീ-സഹോദരനാണ്, എന്തുകൊണ്ടെന്നാൽ പാർട്ട് അഭിനയിക്കുന്നതിന് സഹോദരീ-സഹോദരൻ വേണം. സത്യയുഗത്തിലും നമ്മൾ പരസ്പരം സഹോദരീ-സഹോദരനായിരുന്നു. അത് അദ്വൈത രാജധാനിയാകുന്നു. അവിടെ യുദ്ധം, ലഹള ഒന്നും തന്നെയില്ല. നിങ്ങൾ കുട്ടികൾക്ക് പൂർണ്ണ ജ്ഞാനം ലഭിക്കുന്നു അതായത് നമ്മൾ 84 ജന്മം എടുക്കുന്നു. ആരാണോ ഏററവും അധികം ഭക്തി ചെയ്തത് അവരുടെ കണക്കും ബാബ പറഞ്ഞുതരുന്നു. നിങ്ങളാണ് ശിവന്റെ അവ്യഭിചാരി ഭക്തി ചെയ്യുവാൻ ആരംഭിച്ചത്. പിന്നീട് വർദ്ധനവ് ഉണ്ടാകുന്നു. അതെല്ലാം ഭക്തിയാകുന്നു. ജ്ഞാനം ഒന്നു മാത്രമേയുള്ളൂ. നിങ്ങൾ അറിയുന്നുണ്ട് ശിവബാബ നമ്മളെ പഠിപ്പിക്കുന്നു. ഈ ബ്രഹ്മാവിനു പോലും ഒന്നും അറിയില്ലായിരുന്നു. ആരാണോ ഗ്രേററ് ഗ്രേററ് ഗ്രാന്റ് ഫാദർ ആയിരുന്നത് അദ്ദേഹം ഈ സമയം ഇതായിരിക്കുന്നു, വീണ്ടും അധികാരിയാകുന്നു, നമ്മളും അതേപോലെത്തന്നെ. കേവലം ഒരാളല്ലല്ലോ അധികാരിയാകുന്നത്. നിങ്ങളും പുരുഷാർത്ഥം ചെയ്യുന്നു. ഇത് പരിധിയില്ലാത്ത സ്കൂളാണ്. ഇതിന്റെ ബ്രാഞ്ചസ് വളരെ ഉണ്ട്. തെരുവ്-തെരുവ്, വീട്-വീട് തോറും ഉണ്ടാകും. പറയുന്നു നമ്മൾ നമ്മുടെ വീട്ടിൽ ചിത്രങ്ങൾ വയ്ക്കും, മിത്ര-സംബന്ധികൾ വരുമ്പോൾ അവർക്ക് മനസിലാക്കി കൊടുക്കും. ആരാണോ ഈ വൃക്ഷത്തിലെ ഇല അവർ വരും. അവരുടെ നന്മയ്ക്ക് വേണ്ടി നമ്മൾ ചെയ്യുന്നു. ചിത്രങ്ങളിലൂടെ മനസിലാക്കിച്ചുകൊടുക്കുക സഹജമാണ്. പുരാണങ്ങൾ ഒരുപാട് പഠിച്ചു, ഇപ്പോൾ അതെല്ലാം മറക്കണം. ബാബ പഠിപ്പിക്കുന്നവനാകുന്നു, ആ ബാബ സത്യമായ ജ്ഞാനം കേൾപ്പിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഡെഡ് സൈലൻസിന്റെ ഡ്രിൽ ചെയ്യുന്നതിനു വേണ്ടി ഇവിടെ എന്താണോ ഈ കണ്ണുകൾ കൊണ്ട് കാണുന്നത്, അതിനെ കാണരുത്. ദേഹ സഹിതം ബുദ്ധികൊണ്ട് എല്ലാം ത്യാഗം ചെയ്ത് തന്റെ വീടിന്റേയും, രാജ്യത്തിന്റേയും സ്മൃതിയിൽ കഴിയണം.

2) തന്റെ സ്വഭാവത്തിന്റെ രജിസ്റ്റർ വയ്ക്കണം. പഠനത്തിൽ യാതൊരു അശ്രദ്ധയും കാണിക്കരുത്. ഈ പുരുഷോത്തമ സംഗമ യുഗത്തിൽ പുരുഷോത്തമനാകണം, ആക്കിമാററണം.

**വരദാനം:- സദാ സർവ്വ പ്രാപ്തികളാലും സമ്പന്നമായി കഴിയുന്ന ഹർഷിതമുഖരും, ഹർഷിത ചിത്തരുമായി ഭവിക്കൂ**

എപ്പോൾ ഏതെങ്കിലും ദേവി അഥവാ ദേവതയുടെ മൂർത്തി ഉണ്ടാക്കുന്നോ അപ്പോൾ അതിൽ മുഖം സദാ ഹർഷിതമായി കാണിക്കുന്നു. താങ്കളുടെ ഈ സമയത്തെ ഹർഷിതമുഖമായി കഴിയുന്നതിന്റെ ഓർമ്മ ചിഹ്നം ചിത്രങ്ങളിലും കാണിക്കുന്നു. ഹർഷിതമുഖം അർത്ഥം സദാ സർവ്വ പ്രാപ്തികളാലും സമ്പന്നം. ആരാണോ സമ്പന്നമായിട്ടുള്ളത് അവർക്കാണ് ഹർഷിതമായി കഴിയാൻ സാധിക്കുന്നത്. അഥവാ എന്തെങ്കിലും അപ്രാപ്തി ഉണ്ടെങ്കിൽ ഹർഷിതമായി കഴിയാൻ സാധിക്കില്ല. ആര് എത്ര തന്നെ ഹർഷിതമായി കഴിയാൻ പരിശ്രമിച്ചാലും, പുറമെ പുഞ്ചിരിക്കും എന്നാൽ ഉള്ളുകൊണ്ടായിരിക്കില്ല. താങ്കൾ ഹൃദയത്താൽ പുഞ്ചിരിക്കുന്നു എന്തുകൊണ്ടെന്നാൽ സർവ്വ പ്രാപ്തികളാലും സമ്പന്നം ഹർഷിതചിത്തരാണ്.

**സ്ലോഗൻ:- പദവിയോടെ വിജയിയാകണമെങ്കിൽ ഓരോ ഖജനാവിന്റേയും ശേഖരണത്തിന്റെ അക്കൗണ്ട് നിറഞ്ഞിരിക്കണം.**